# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. OCTOBER 2025. ₹5.00

VOL. 11 - ISSUE NO.04 - DATE OF PUBLICATIONS 25TH OCTOBER, 2025 - NO.KERBIL/2005/23143 - TOTAL PAGES: 24




## ലോജിസ്റ്റിക്സ് പോളിസി 2025

KSIDC | Government of Kerala

www.ksidc.org

# THE NEXT ASIAN LOGISTICS HUB IS HERE

## Kerala Logistics Policy 2025

- Integrated Infrastructure Development
- Roadmap for Logistics & Mini-Logistics Parks
- Ease of Doing Business at the Core
- Tax & Fiscal Incentives Available



KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➢ **എഡിറ്റോറിയൽ:**
ഗവൺമെന്റും
വ്യവസായ പ്രോത്സാഹനവും.................................... 3

➢ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ
എക്സ്പോയും മെഗാ വ്യവസായ സംഗമവും..... 5

➢ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
**പാലക്കാട് സ്മാർട്ട് സിറ്റി
യാഥാർത്ഥ്യമാകുന്നു.**
സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന്
ഒരു നാഴിക കല്ലുകൂടി ............................................ 7

➢ **ജി.എസ്.ടി.യിലെ രണ്ടാം ഘട്ട മാറ്റങ്ങൾ**
സ്വദേശീയ വികസനത്തിന്റെ
പരീക്ഷണങ്ങൾക്കുമപ്പുറത്തേയ്ക്ക്........................... 8

➢ **കേരള സോപ്പ്സ് മലയാളിയുടെ
ചന്ദനലേപ സുഗന്ധം**....................................................13

➢ **വ്യവസായ സൗഹൃദ കേരളത്തിന്
പൊതു ദിശ നൽകി
ലോജിസ്റ്റ് പോളിസി 2025'**.........................................14

➢ **ലൈസൻസിംഗ് ചട്ടങ്ങൾ സമഗ്രഹമായി
പരിഷ്കരിച്ച് സർക്കാർ**............................................... 16

➢ **ചെയർമാൻ റിപ്പോർട്ട്**................................................. 18

➢ **ആവേശമായി
വനിതാ സംരകസംഗമം**.............................................20

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - OCTOBER 2025 - ₹5.00

## എഡിറ്റോറിയൽ

# ഗവൺമെന്റും വ്യവസായ പ്രോത്സാഹനവും



വ്യവസായ വളർച്ചയിൽ അതീവ താല്പര്യം എടുക്കുന്ന ഒരു സർക്കാർ ആണ് നമുക്ക് ഇന്നുള്ളത്. വ്യവസായവുമായി ബന്ധപ്പെട്ട നടപടികൾ ലളിതവും, സുഗമവും ആകും വിധം നിയമങ്ങൾ പോലും ഭേദഗതി ചെയ്തിട്ടുണ്ട്. അതിൽ പ്രധാനമാണ് തദ്ദേശ സ്വയംഭരണ വകുപ്പ്, പൊലൂഷൻ കൺട്രോൾ ബോർഡ് ഇവയുമായി ബന്ധപ്പെട്ട നിയമ ലളിതവത്കരണം. ഇതാണല്ലോ ഏറ്റവും ഒടുവിൽ വന്ന മാറ്റങ്ങൾ. അത്തരം നിയമപരിഷ്കരണങ്ങൾ വ്യവസായത്തിന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തും എന്നതിൽ സംശയമില്ല. അത് ഞങ്ങളുടെ സംഘടന നന്ദിപൂർവ്വം സ്വാഗതം ചെയ്യുന്നു.

അതോടൊപ്പം തന്നെ വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിന് ഇനിയും അടിയന്തിരമായി ചെയ്യേണ്ട ചില കാര്യങ്ങൾ കൂടി ശേഷിക്കുന്നുണ്ട്. കാല ക്രമത്തിൽ സർക്കാർ അതും സാധ്യമാക്കി തരുമെന്ന് തന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ. അതിൽ പ്രധാനപ്പെട്ട ഒന്ന് രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ. വിസ്തൃതിയുടെ കാര്യത്തിൽ ചെറു സംസ്ഥാനവുമായ കേരളത്തിന്റെ വെല്ലുവിളിയിൽ പ്രധാനമായും സ്ഥലപരിമിതി ആണല്ലോ?.

മറ്റുപല സംസ്ഥാനങ്ങളിലും അവരുടേതായ ബിൽഡിംഗ് റൂളുകളാണ് നിലവിലുള്ളതും നടപ്പാക്കുന്നതും. എന്നാൽ കേരളത്തിൽ ഇന്നും കേന്ദ്രത്തിന്റെ റൂൾ ആണ് നിലവിലുള്ളത്. സ്ഥല പരിമിതിയിൽ വീർപ്പുമുട്ടുന്ന നമ്മുടെ സംസ്ഥാനത്തിന്റേതായ ഒരു ബിൽഡിംഗ് റൂൾ നടപ്പിലാക്കുന്നത് അഭികാമ്യമായിരിക്കും.

നിലവിലുള്ള വ്യവസായ കെട്ടിടങ്ങളിൽ വന്നു പോയിട്ടുള്ള പിഴവുകൾ പരിഹരിക്കാനുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ അതിനായി കൊടുക്കേണ്ടുന്ന ഫീസ് ഒരു സാധാരണ വ്യവസായിക്ക് താങ്ങാവുന്നതിനും അപ്പുറമാണ്. അതിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനേക്കാൾ അധികം തുക വേണ്ടി വരും. ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഉദാരമായ നിലപാട് സ്വീകരിക്കണം എന്നതാണ് നമ്മുടെ അഭ്യർത്ഥന. കെട്ടിട പിഴവുകൾ പരിഹരിക്കാൻ ചെറിയ ഒരു തുക പെനാൽറ്റിയായി ഈടാക്കി ക്രമവൽക്കരിച്ചാൽ അത് വ്യവസായികൾക്ക് വളരെ സഹായകമാകും.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME
सूक्ष्म उद्यमों का संबल

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക്
# വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**

  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**

  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**

  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



കൂടുതൽ വിവരങ്ങൾക്ക്
ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക


**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
മൂന്നാം നില, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org


**പി.എം.എഫ്.എം.ഇ. കേരളം ഹെൽപ് ലൈൻ: 97470 22883**



# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയും മെഗാ വ്യവസായ സംഗമവും

**2026 ജനുവരി 16,17,18 തിയതികളിൽ**
**അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ**

**മഹത്തായ ഈ മെഗാ വ്യവസായി സംഗമം വൻ വിജയമാക്കുക**

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷനും മെട്രോമാർട്ട് എന്ന സ്ഥാപനവും സംയുക്തമായി ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2026 (IIIE 2026) എറണാകുളം ജില്ലയിലെ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്ന വിവരം ഇതിനകം അറിഞ്ഞിരിക്കുമല്ലോ. 2026 ജനുവരി 16, 17, 18 തീയതികളിൽ ആണ് ഈ എക്സിബിഷൻ IIIE 2026 സംഘടിപ്പിക്കുന്നത്. 2024 ഡിസംബറിൽ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വിജയകരമായി എക്സ്പോയുടെ ആദ്യത്തെ എഡിഷൻ സംഘടിപ്പിച്ചിരുന്നു. ജനുവരിയിൽ നടത്തുന്നത് എക്സ്പോയുടെ രണ്ടാം എഡിഷനാണ്. അന്തർദേശീയ സ്വദേശ തലത്തിലുള്ള മെഷിനറി നിർമ്മാതാക്കളും, വിവിധ വ്യവസായ ഉല്പന്നങ്ങളുടെ സ്റ്റാളുകളും ഉണ്ടാകും. ആധുനിക രീതിയിലുള്ള ഓട്ടോമാറ്റിക് മിഷനറികൾക്ക് പുറമെ എൻജിനീയറിങ്, ഫുഡ്, കെമിക്കൽ, പ്ലാസ്റ്റിക്, ഓയിൽ, ഗ്യാസ്, റബ്ബർ, കശുവി, കാർഷിക അധിഷ്ഠിത മേഖല ഉത്പന്നങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിൽ നിന്നുമായി 600 ഓളം സ്റ്റാളുകൾ ഈ എക്സ്പോയിൽ പങ്കെടുക്കും.

കേരളത്തിലെ നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പുതിയ സംരംഭകരെയും, നിക്ഷേപകരെയും സംസ്ഥാനത്ത് ആകർഷിക്കുന്നതിനും, പ്രയോജനപ്പെടുത്തുന്ന വിധത്തിലാണ് ഈ എക്സ്പോ സംഘടിപ്പിക്കുന്നത്. വ്യവസായ മേഖലയിൽ വരുത്തേണ്ട നവീകരണത്തിനും, വൈവിധ്യ വൽക്കരണത്തിനും, നൂതന ആശയങ്ങൾ രൂപം നൽകുന്നതിനും എക്സ്പോയുടെ അനുബന്ധിച്ചുള്ള ദിവസങ്ങളിൽ സെമിനാറുകൾ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ സെമിനാറുകളിലും വർക്ക്ഷോപ്പുകളിലും വ്യവസായികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ക്ലാസുകൾ നയിക്കുന്നത് അതാത് വിഷയങ്ങളിൽ പ്രാഗൽഭ്യം ഉള്ള വിദഗ്ധരായിരിക്കും.

ഈ എക്സിബിഷനിൽ കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലേയും കൂടാതെ കെ.എസ്.എസ്.ഐ.എ.യിലെ മുഴുവൻ അംഗങ്ങളും, വ്യവസായികളും, അവരുടെ കുടുംബാംഗങ്ങളും, കെ.എസ്.എസ്.ഐ.എ.യിൽ അഫിലിയേറ്റഡ് ചെയ്ത 18 സെക്റ്റർ സംഘടനയിലെ മുഴുവൻ അംഗങ്ങളും പങ്കെടുക്കും. ഇതിന് എല്ലാ ജില്ലാ ഭാരവാഹികളും, താലൂക്ക് കമ്മിറ്റികളും പ്രവർത്തന സജ്ജമാകേണ്ടതുണ്ട്. നമ്മുടെ എക്സിബിഷനും, മെഗാ സംഗമവും വൻ വിജയപ്രദമാക്കണമെന്നും നിങ്ങളോരോരുത്തരോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഇതുവരെ നടത്താത്ത ദക്ഷിണേന്ത്യയിലെ തന്നെ മികവുറ്റതും, 600ൽ പരം സ്റ്റാളുകളും നൂതന മെഷിനറികളും എല്ലാം അടങ്ങുന്നതാണ് ഈ എക്സിബിഷൻ. കേരള സംസ്ഥാന മുഖ്യമന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, കേന്ദ്ര മന്ത്രിമാർ, മറ്റു മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.പിമാർ, എം എൽ എ മാർ, വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥന്മാർ, വ്യവസായ ബിസിനസ് പ്രതിനിധികൾ തുടങ്ങിയവർ എക്സിബിഷനിലും മെഗാ വ്യവസായി സംഗമത്തിലും പങ്കെടുക്കും.



ദക്ഷിണേന്ത്യയിലെ തന്നെ ഇതുവരെ സംഘടിപ്പിച്ച വ്യവസായ എക്സിബിഷനുകളിൽ നിന്നും, വ്യവസായി സംഗമത്തിൽ നിന്നും വ്യത്യസ്തമായി വളരെ മികവുറ്റതും, പ്രൗഢ ഗംഭീരവും ആയിരിക്കും കെ എസ് എസ് ഐ എ നടത്തുന്ന ഈ മഹാസംഗമം. ഈ മെഷിനറി എക്സ്പോയും, മെഗാ വ്യവസായി സംഗമവും വൻ വിജയപ്രദമാക്കേണ്ട ഉത്തരവാദിത്വം വ്യവസായികളായ നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. എക്സിബിഷനിൽ സ്റ്റാളുകൾ എടുക്കുന്ന എം എസ് എം ഇ കൾക്ക് കേന്ദ്ര വ്യവസായ വകുപ്പിൽ നിന്നും സബ്സിഡി അനുവദിക്കുന്നുണ്ട്. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ടും, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു എക്സിബിഷൻ സംഘടിപ്പിക്കുന്നത്. വ്യവസായ സൗഹൃദ അന്തരീക്ഷം നിലനില്ക്കുന്നതൊടൊപ്പം തന്നെ പുതു സംരംഭം തുടങ്ങുന്നവർക്ക് അറിവ് നേടാനും, വ്യവസായ സംരംഭത്തിൽ വിപ്ലവം സൃഷ്ടിക്കാനും ഈ എക്സിബിഷൻ പ്രചോദനം നല്കും. വ്യവസായ സംരംഭകരുടെ ഉത്പന്നങ്ങൾക്ക് വിപണി വിപുലപ്പെടുത്താനും പുതിയ സംരംഭകർക്ക് ഉത്പ്പന്നങ്ങൾ പരിചയപ്പെടുത്താനും പുതിയ സാങ്കേതിക വിദ്യകൾ കൈമാറാനും സംരംഭകർക്ക് ഈ എക്സിബിഷൻ സഹായകരമായിരിക്കും.

ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സിബിഷനും, വ്യവസായി സംഗമവും വൻ വിജയപ്രദമാ ക്കാൻ എല്ലാ ജില്ലാ പ്രസിഡന്റുമാരും, ജില്ലാ സെക്രട്ടറിമാരും, ജനറൽ കൗൺസിൽ സംസ്ഥാന കമ്മിറ്റി അംഗങ്ങളും സജീവമായി പ്രവർത്തിക്കേണ്ട ആവശ്യകത ഇവിടെ ഊന്നി പറയുകയാണ്. ഓരോ ജില്ലകളിൽ നിന്നും വാഗ്ദാനം ചെയ്ത സ്റ്റാളുകളുടെ വിവരം മുൻകൂട്ടി സംസ്ഥാന സംഘടനയെ അറിയിക്കണം. അതുപോലെ വ്യവസായി സംഗമത്തിൽ ഓരോ ജില്ലയിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുമെന്നും ഉറപ്പാക്കേണ്ടതാണ്. ഈ എക്സ്പോയു ടെയും വ്യവസായി സംഗമത്തിന്റെയും പ്രാധാന്യം വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭകരുടെ ഇടയിലും തുടർച്ചയായി പ്രചരണം നല്കാനും ജില്ലാ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ അന്തസ്സിന്റെയും, പ്രശസ്തിയുടേയും മാറ്റ് വർദ്ധിപ്പിക്കുന്ന ഈ മഹത്തായ മെഗാ വ്യവസായി സംഗമം വൻ വിജയ പ്രദമാക്കാനുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകണമെന്നാണ് ജില്ലാ പ്രസിഡന്റുമാരോടും, ജില്ലാ സെക്രട്ടറിമാരോടും ഒരിക്കൽ കൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

**എ.നിസാറുദ്ദീൻ**
സംസ്ഥാന പ്രസിഡന്റ്





KSSIA NEWS

## നമ്മുടെ വ്യവസായം

- വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ
- വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു

Email ID - kssianews@gmail.com, kssiastate@gmail.com


തിരുത്ത്: സെപ്റ്റംബർ മാസം കെ എസ് എസ് ഐ എ ന്യൂസ് മാഗസിനിൽ പേജ് നമ്പർ അഞ്ചിൽ ഇൻവെർഡഡ് ഡ്യൂട്ടി സെക്ടർ എന്നതിന് പകരം ഇൻവെർട്ടർ ഡ്യൂട്ടി സ്ട്രക്ചർ എന്ന് തിരുത്തി വായിക്കേണ്ടതാണ്.
തെറ്റു പറ്റിയതിൽ ഖേദിക്കുന്നു.

പത്രാധിപർ



# പാലക്കാട് സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുന്നു. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഒരു നാഴിക കല്ലുകൂടി

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

കൊച്ചി– ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ നടപടി വളരെ സ്വാഗതാർഹമാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 12 വ്യവസായ ഇടനാഴി– സ്മാർട്ട് സിറ്റി പദ്ധതികളിൽ അടിസ്ഥാന വികസനത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന ആദ്യത്തെ സംസ്ഥാനം കേരളമാണ് എന്ന് നമുക്ക് അഭിമാനിക്കാം. ഇതിനുള്ള സ്ഥലം സംസ്ഥാന സർക്കാർ നൽകി കഴിഞ്ഞു. 42 മാസത്തിനുള്ളിൽ ഈ പദ്ധതി പൂർത്തീകരിക്കുമെന്നാണ് കരാർ വ്യവസ്ഥ. ഏതാണ്ട് 36,000 കോടി രൂപ ഈ പദ്ധതിയുടെ ചെലവിനു വേണ്ടി വരുമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഏതൊരു രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും വികസനത്തിനും, അടിസ്ഥാന വികസനത്തിനും പശ്ചാത്തല സൗകര്യങ്ങളും അനിവാര്യമാണ്. റോഡ്, വെള്ളം, പാലം തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ചരക്ക് ഗതാഗതത്തിനും, തടസ്സങ്ങൾ ഇല്ലാതെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുമ്പോൾ നിക്ഷേപകരും സംരംഭങ്ങളും സ്വമനസാലെ സംസ്ഥാനത്ത് കടന്നുവരാൻ സഹായിക്കുന്ന ഘടകങ്ങളാണ്. ഇതിനുള്ള സഹായകരമായ ഒരു പദ്ധതിയായിട്ടാണ് പാലക്കാട് സ്മാർട്ട് സിറ്റി വിഭാവനം ചെയ്തിരിക്കുന്നത്.

അന്തർദേശീയ തലത്തിലും, തദ്ദേശീയ തലത്തിലും കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷവും, മെച്ചപ്പെട്ട വ്യവസായ കാലാവസ്ഥയും, നിലനിൽക്കുന്ന ഈ സാഹചര്യത്തിലാണ് പുതിയൊരു വികസന അധ്യായത്തിന് കൂടി സാക്ഷ്യം വഹിച്ചു കൊണ്ടുള്ള ഈ സ്മാർട്ട് സിറ്റിയുടെ പ്രവർത്തനത്തിനുള്ള നടപടികൾ ആരംഭിക്കുന്നത്.

പാലക്കാട് സ്മാർട്ട് സിറ്റി പൂർണ്ണ തോതിൽ യാഥാർത്ഥ്യമായാൽ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന വ്യവസായ ബിസിനസ് സാധ്യതകൾ എത്രമാത്രം കുതിച്ചുയരുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ചെറുകിട വ്യവസായ എം എസ് എം ഇ മേഖലയുടെ വളർച്ചയ്ക്കും ഇത് നിർണായകമായ സ്വാധീനം ചെലുത്തുമെന്നതിൽ സംശയമില്ല. കേന്ദ്ര പദ്ധതിയുടെ ഭാഗമായുള്ള ഈ സ്മാർട്ട് സിറ്റിയുടെ പ്രാധാന്യം മനസ്സിലാക്കി അത് എത്രയും വേഗം പൂർത്തീകരിക്കാനുള്ള സംസ്ഥാന സർക്കാരിന്റെയും, പ്രത്യേകിച്ച് വ്യവസായ വകുപ്പ് മന്ത്രിയുടെയും ഇച്ഛാശക്തിയെ കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ അഭിനന്ദനങ്ങൾ അറിയിക്കട്ടെ. നമ്മുടെ നാടും സർക്കാരും വളരെ പ്രതീക്ഷയോടെ നോക്കി കാണുന്ന ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാൻ സാധിക്കട്ടെ എന്നും ആശംസിക്കുന്നു.

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**







ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

# ജി.എസ്.ടിലെ രണ്ടാംഘട്ട മാറ്റങ്ങൾ

## സ്വദേശീയ വികസനത്തിന്റെ പരീക്ഷണങ്ങൾക്കുമപ്പുറത്തേയ്ക്ക്

ജി.എസ്.ടി നിരക്കുകളിലെ കുറവ് വരുത്തലും, ജി.എസ്.ടി. ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങളും രാജ്യത്തിന്റെ സാമ്പത്തിക വികസന തന്ത്രത്തിലും നയങ്ങളിലും നിർണായകമായ ചലനങ്ങൾ സൃഷ്ടിക്കും. നാനൂറിലധികം ഉൽപ്പന്നങ്ങളിലെ നികുതി നിരക്ക് കുറയ്ക്കാനുള്ള തീരുമാനം വ്യവസായ രംഗത്തും ഉപഭോക്തൃ വിപണിയിലും പ്രത്യക്ഷമായ മാറ്റങ്ങൾ സൃഷ്ടിക്കും. ഈ നീക്കത്തിലൂടെ ചെറുകിട വ്യവസായങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും പുതുജീവൻ പകർന്നുകിട്ടുന്നു. പ്രത്യേകിച്ച്, ആഭ്യന്തര ഉൽപ്പാദനത്തിനും പുത്തൻ സംരംഭകർക്ക് കൂടുതൽ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഇത്തരം ഇളവുകൾ സഹായിക്കും

ജി.എസ്.ടി ഇളവുകൾ വിപുലമായ സാമ്പത്തിക പുനർഘടനയുടെ ഭാഗമായിട്ടാണ് കാണേണ്ടത്, അല്ലാതെ കേവലം നികുതി ഇളവുകളല്ല. നികുതി കുറവുകൾ മൂലം സാധാരണ ഉപഭോക്താവിന് വിലക്കുറവ് ലഭിക്കുമ്പോഴും അതിനുമപ്പുറം, ഒരു വലിയ സന്ദേശം പുതിയ സംരംഭങ്ങൾക്ക് പ്രത്യേകിച്ച് യുവാക്കൾ ഉൾപ്പെടെയുള്ള സമൂഹത്തിനു നൽകുന്നു. ആസൂത്രണം, ഉൽപ്പാദനശേഷി, തൊഴിൽ സൃഷ്ടി, കയറ്റുമതി വളർച്ച എന്നിവയെ ലക്ഷ്യമാക്കി ദീർഘവീക്ഷണത്തോടെയുള്ള കാൽവെപ്പുകൾ, സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഏകോപിതമായി നീങ്ങിയേപറ്റൂ എന്ന അനിവാര്യമായ തീരുമാനം ഇനിയും വൈകിപ്പിച്ചാൽ പലരും ഈ നാടുവിട്ടു വിദേശങ്ങളിൽ കുടിയേറി പ്രായം ചെന്നവരുടെ മാത്രം വാസസ്ഥലമായി നമുടെ നാട് മാറരുത് എന്ന വസ്തുത രാഷ്ട്രീയപാർട്ടിനേതാക്കളും പ്രയോകീകമായി ഉൾക്കൊള്ളുന്നു എന്നത് നല്ലൊരു കാര്യമാണ്. യുവാക്കളെ ഇവിടെ പിടിച്ചു നിർത്തിയില്ലെങ്കിൽ ഈനാട് വയസ്സന്മാരുടെ മാത്രം നാടായി മാറുമെന്ന് നിയമസഭകളിൽ തന്നെ പലനേതാക്കളും പറഞ്ഞുകഴിഞ്ഞു. ഏതായാലും അമേരിക്കയുടെ ഈ അടുത്തകാലത്ത് നടത്തിയ പല പ്രഖ്യാപനങ്ങളും നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ അമേരിക്കയെ ആശ്രയിച്ചാൽ പെട്ടുപോകുമെന്ന് മനസ്സിലാക്കി. ഇതു തന്നെ ഇംഗ്ലണ്ട് ന്യൂസിലാൻഡ്, ആസ്ട്രേലിയ മറ്റു പല രാഷ്ട്രങ്ങളും നാളെ എടുക്കുമ്പോൾ ഇവിടത്തെ യുവാക്കൾ മറ്റു രാജ്യങ്ങളെ ആശ്രയിച്ചാൽ അത് വിജയമാകില്ല എന്ന ചിന്ത യുവാക്കൾക്കുണ്ടായിട്ടു്. യുവാക്കൾക്ക് പ്രതീക്ഷ നല്കുന്ന സംരംഭക രംഗത്തേക്ക് അവർ ഉറച്ചു നില്ക്കാനുള്ള സാമൂഹിക–സാമ്പത്തിക അന്തരീക്ഷം ഇന്ത്യയിൽ ഉണ്ടായാൽ അവരെ ഇവിടെ പിടിച്ചു നിർത്തുവാൻ കഴിയുമെന്ന് ഇന്ത്യ മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. അത്തരത്തിലുള്ള കാര്യങ്ങൾ ഉൾപ്പടെ ഒരു സമഗ്രമായ സാമൂഹിക ചലനങ്ങൾക്കുള്ള ചവിട്ടുപടിയായിട്ട് വേണം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ജി.എസ്.ടി. നിയമങ്ങളിലുൾപ്പടെയുള്ള മാറ്റങ്ങൾ. ഇന്ത്യയെന്ന രാജ്യം സാമ്പത്തികമായും സാംസ്കാരികമായും ഉയരേണ്ടത് യുവാക്കളുടെകൂടി ആവശ്യമാണ് എന്ന് യുവാക്കൾ പുനർ ചിന്തിക്കേത് ഏതായാലും ആ സമയത്ത് തന്നെ ഇന്ത്യയുടെ സാമ്പത്തിക നിലവാരം ദീർഘവീക്ഷണത്തോടെ റീപ്ലാൻ ചെയ്യാൻ പല പദ്ധതികളും ആസൂത്രണം ചെയ്യപ്പെട്ടു. വ്യവസായ വാണിജ്യ സംരംഭങ്ങൾക്ക് ലോൺ ലഭ്യമാക്കാനും ടെക്നോളജി അധിഷ്ഠിത പരിശീലനങ്ങൾ നൽകാനും സംരംഭക പരിശീലനങ്ങൾ പല തട്ടുകളിലായി രാജ്യത്തുടനീളം നടപ്പാക്കാനും ചെറുകിട വ്യവസായ സംരംഭകരെയും ചെറുകിട വ്യവസായ അസോസിയേഷനുകളെയും വിശ്വാസത്തിൽ എടുത്തു കൊണ്ട് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണാനും ഒക്കെ സർക്കാർ ശ്രമിക്കുന്നുണ്ട്. സർക്കാരിന്റെ ഇച്ഛാശക്തി കൊണ്ട് ഉദ്യോഗസ്ഥരും ദീർഘവീക്ഷണത്തോടെയുള്ള പല പദ്ധതികളും നിർദ്ദേശിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും ക്ലാസ്റൂമിന് വെളിയിലേക്ക് ഇറങ്ങി വ്യവസായ വാണിജ്യ ഇടപെടലുകളിലേക്ക് കന്നു.

2010 മുതൽ തന്നെ കോളേജ് കാമ്പസിൽ നിന്നും മിക്ക സംസ്ഥാനങ്ങളും സംരംഭകരെ പ്രത്യേകിച്ചും വ്യവസായ സംരംഭകരെ വാർത്തെടുക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയിരുന്നു. അമേരിക്ക പോലെയുള്ള രാഷ്ട്രങ്ങൾ




അന്തർദേശീയ പാറ്റന്റ്ഡ്, ഇന്ത്യയിൽ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ പല ടെക്നോളജികളും ഒക്കെ സ്വന്തമാക്കാൻ പല സാഹചര്യങ്ങളും ഇടവരുത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ കുസാറ്റ് ഉൾപ്പെടെയുള്ള പല യൂണിവേഴ്സിറ്റികളും മുൻകൈ എടുത്ത് ഇന്ത്യക്കുവേണ്ടി എത്രയോ പാറ്റന്റുകൾ സ്വന്തമാക്കി. എഞ്ചിനീയറിങ് കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾ കൂട്ടമായി എത്രയോ ടെക്നോളജികൾക്ക് അന്തർദേശീയ പാറ്റന്റഡുകൾ നേടിയെടുത്തു.

ജോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് അഥവാ ജി ഐ ടാഗിലേക്ക് നമ്മുടെ നാടിന്റെ പൈതൃകങ്ങൾ രജിസ്റ്റർ ചെയ്തെടുക്കാൻ നമ്മുടെ ഗ്രാമപഞ്ചായത്തുകൾ പോലും വാർഷിക പദ്ധതി ബഡ്ജറ്റുകളിൽ പണം വക കൊള്ളിക്കുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുന്നു. നാടിന്റെ പുരോഗതിക്കായി അത്ഭുതങ്ങൾ സൃഷ്ടിക്കാൻ നമ്മൾ തയ്യാറായിരിക്കുന്ന അവസ്ഥയിൽ എല്ലാവരും ഒറ്റക്കെട്ടായി നാടിന്റെ വികസനത്തിലേക്ക് നീങ്ങുന്ന ഒരു സാഹചര്യം കഴിഞ്ഞ കാൽനൂറ്റാണ്ടായി ഇന്ത്യയിൽ നടന്നുകൊണ്ടരിക്കുന്നുണ്ട് ആഗോളവൽക്കരണത്തിന്റെ തീവ്രതണ്ട ഇന്ത്യയിലെ ചെറുകിട വ്യവസായങ്ങൾക്ക് ഭീഷണിയായ കാലത്ത് ക്ലസ്റ്റർ ഡെവലപ്മെന്റിലൂടെ ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകിയ കാര്യങ്ങൾ നാം ഓർക്കേതുണ്ട്. അത് എത്രമാത്രം നടപ്പാക്കി എന്നത് ജനങ്ങളുടെ പ്രത്യേകിച്ച് സംരംഭകരുടെ ആറ്റിറ്റ്യൂഡിന്റെ പ്രശ്നമാണ്.

1970 മുതൽ പരോക്ഷ നികുതിയിലെ സങ്കീർണതകൾ പരിഹരിക്കണമെന്ന് സർക്കാരുകൾ ആഗ്രഹിച്ചു. അതിന്റെ പരിസമാപ്തിയാണ് 2017 ലെ ജി എസ് ടി എന്ന് നാം മറന്നു പോകരുത്. 2025 ജിഎസ്ടിയുടെ രണ്ടാം ഘട്ടം എന്നത് കേവലം നികുതി പരിഷ്കരണം മാത്രമല്ല അത് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ ഒരു ഉൽപ്രേരകം കൂടിയാണ് എന്ന് മനസ്സിലാക്കി വിശാല ചിന്തയോടെ കാര്യങ്ങൾ ഗ്രഹിക്കാൻ നാം തയ്യാറാവണം. ഏതു സംരംഭം തുടങ്ങുവാനും ലോൺ ലഭിക്കുവാനും, വ്യവസായ വാണിജ്യ ലൈസൻസുകൾ അപേക്ഷിച്ച ഉടൻ തന്നെ ലഭ്യമാക്കുവാൻ ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ സാധ്യതകൾ നന്നായി ഉപയോഗിക്കുമ്പോഴും നമുക്ക് ജോലിക്കാർ മാത്രം ഉണ്ടായാൽ പോരാ പുതിയ സംരംഭങ്ങളും നിലവിലുള്ള സംരംഭങ്ങൾ വികസിക്കലും അത്യാവശ്യമാണ്. പുതിയ സംരംഭങ്ങൾ ഉണ്ടാക്കുവാൻ ധാരാളം പുതിയ സംരംഭകർ മുന്നോട്ട് വന്നേ പറ്റൂ എന്ന വലിയ ഒരു സാമൂഹ്യ അന്തരീക്ഷം ഒരുക്കുന്ന സന്ദേശം കൂടിയാണ്, ഇപ്പോഴുണ്ടായിട്ടുള്ളത്.

അസംസ്കൃത വസ്തുക്കളിലെയും ഉപകരണങ്ങളിലെയും ജി.എസ്.ടി കുറവ് മൂലം ബിസിനസ്സ് ആരംഭിക്കുന്നതിന്റെ ചെലവ് കുറയും. ചുരുങ്ങിയ മുതൽ മുടക്കാകുമ്പോൾ പുതിയ ആശയങ്ങളുള്ള യുവാക്കൾക്ക് തങ്ങളുടെ സംരംഭങ്ങൾ ക്ലേശരഹിതമായി തുടങ്ങാൻ കഴിയും. നികുതി നിരക്കുകൾ കുറയുമ്പോൾ ഇൻവെസ്റ്റ്മെന്റ് പല തട്ടിൽ കുറയും. കുറഞ്ഞ മൂലധനവും ബാങ്കുകളുടെയും മറ്റു ഏജൻസികളുടെയും പണ്ടത്തെക്കാൾ വ്യത്യസ്ത മായതും അനുഭാവപൂർണമായതുമായ സമീപനം വിപണിയിലേക്ക് പുത്തൻ ആശയവും, പുത്തൻ സംവിധാനവും, പുത്തൻ ഉൽപ്പന്നങ്ങളും, പുത്തൻ മാർക്കറ്റിംഗ് ടെക്നോളജികളും കൊണ്ടുവരാൻ യുവാക്കൾക്ക് കൂടുതൽ ധൈര്യവും സൗകര്യവും ഉണ്ടാക്കും. സിമന്റ്, ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, പാക്കിംഗ് പ്രിന്റിംഗ്, ഭക്ഷ്യോൽപാദനം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നികുതി കുറയുന്നത് ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കും. ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുകയും, രാജ്യത്തെ 'Make in India' ദൗത്യം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുകയാണ് ഈ നീക്കത്തിന്റെ പിന്നില്ലെന്ന് കാണാൻ കഴിയും.

ജി.എസ്.ടി നിരക്കിലെ കുറവ് കേവലം നികുതിമാറ്റം മാത്രമല്ല, അത് ആഗോള വ്യാപാര നിലപാടുമായി ബന്ധപ്പെട്ട തന്ത്രപരമായ നീക്കവുമാണ്. അമേരിക്ക ഉൾപ്പെടെയുള്ള ചില രാജ്യങ്ങൾ ഇന്ത്യൻ കയറ്റുമതികളിൽ ചുമത്തുന്ന അധിക തീരുവകൾക്ക് പ്രതിരോധമായി, ഇന്ത്യൻ ഉൽപ്പന്നങ്ങളെ അമേരിക്കയല്ലാത്ത മറ്റു ആഗോള വിപണിയിൽ കൂടുതൽ മത്സരക്ഷമമാക്കുക കൂടിയാണ് ലക്ഷ്യം. നികുതി കുറവിലൂടെ വിപണിയിലെ പണപ്രവാഹം

വർദ്ധിക്കുമെന്നും ഉപഭോക്താക്കളുടെ ചെലവിടാനുള്ള ശേഷി ഉയരുമെന്നും സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു. ഇതുവഴി വ്യാപാര ഇടപാടുകൾ സജീവമാകുകയും കച്ചവടങ്ങളിലെ നിക്ഷേപങ്ങൾ വർദ്ധിക്കുകയും വിപണിയിലുള്ള താൽക്കാലിക മാന്ദ്യം മാറി പുത്തനുണർവ് പുന:സ്ഥാപിക്കപ്പെടുകയും ചെയ്യും. രണ്ടു ചെറിയ ജി എസ് ടി മാറ്റങ്ങളെ മാത്രം വിവരിച്ചു കൊണ്ട് അതിന്റെ അലയൊലി എത്രമാത്രം വ്യവസായികൾക്ക് ഗുണം ചെയ്യുമെന്ന് നോക്കാം.

ജി.എസ്.ടി നികുതി മേഖലകളിലെ Inverted Duty Structure പരിഷ്കരിച്ചു. Inverted Duty Structure അനുസരിച്ച് റീഫണ്ട് കിട്ടേണ്ട ബിസിനസുകാരെ സംബന്ധിച്ചിടത്തോളം അവർക്ക് ജിഎസ്ടി റീഫണ്ട് കിട്ടാൻ വളരെയേറെ കാലതാമസം എടുക്കുന്നത് ഫലത്തിൽ അവരുടെ വർക്കിംഗ് ക്യാപിറ്റൽ ബ്ലോക്ക് ചെയ്യപ്പെട്ടു കിടക്കുകയായിരുന്നു. അപേക്ഷിച്ചിട്ട് നിസ്സാരമായ സാങ്കേതിക കാര്യങ്ങൾ പറഞ്ഞ് റീഫണ്ട് വൈകിപ്പിക്കുന്ന നടപടി ജിഎസ്ടിയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഫലത്തിൽ സർക്കാരിൽ നിന്നും ഒരിക്കൽ അടച്ച നികുതി റീഫണ്ട് കിട്ടുക അസാധ്യമാണെന്നുള്ള ഒരു തോന്നൽ ബിസിനസുകാരുടെ ഇടയിൽ വേരൂന്നിട്ടുണ്ടായിരുന്നു. എന്നാൽ നിയമത്തിൽ തന്നെ ഇൻവർട്ടർ ഡ്യൂട്ടി സ്ട്രക്ച്ചറിന്റെ റീഫണ്ട് തുക വളരെ പെട്ടെന്ന് റീഫണ്ട് ചെയ്യാൻ സമയപരിധി നിഷ്കർഷിച്ചിരിക്കുന്നു. കൃത്യമായി റീഫണ്ട് അപേക്ഷ ഫയൽ ചെയ്തു ഏഴു പ്രവർത്തി ദിവസത്തിനകം അത്തരത്തിലുള്ള Inverted Duty Structure ന്റെ റീഫണ്ടിൽ 90% ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും എന്ന അവസ്ഥയാകുമ്പോൾ ഉദ്യോഗസ്ഥർക്കും വൈകിപ്പിക്കാൻ ഇനി സാധ്യതയുടെ പഴുതടച്ചു. കൃത്യമായി ഒരു നിബന്ധന നിയമത്തിൽ പറഞ്ഞു കഴിഞ്ഞാൽ പിന്നീട് അത് പ്രകാരം പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥർക്ക് ശമ്പളത്തിൽ നിന്നും വൈകി റീഫണ്ട് നൽകുന്നതുമൂലമുള്ള നഷ്ടം നികുതിദായകന് കൊടുക്കേണ്ട ബാധ്യത വന്നേക്കും. മാത്രവുമല്ല വൈകിക്കുന്നതിനുള്ള സാങ്കേതികം പറഞ്ഞു കയ്യൊഴിയാനും പറ്റില്ല. റീഫണ്ട് വൈകിച്ചാൽ അവർക്ക് ഉത്തരവാദിത്വം ഉണ്ട് എന്ന് പല കോടതി വിധികളും നിലവിലുണ്ട്. ഏതായാലും ഇൻവർട്ടർ ഡ്യൂട്ടി സ്ട്രക്ച്ചറിന്റെ റീഫണ്ട് പെട്ടെന്ന് കിട്ടുന്നു എന്നുള്ളത് വ്യവസായികൾക്കു മാത്രമല്ല പുതിയതായി വ്യവസായം തുടങ്ങുന്നവർക്കും ഒരു പുതിയ ഉണർവ്വാക്കും. Out ward നികുതി ബാധ്യതയുള്ള നിർമാതാവിനു മാത്രമേ ഇൻവേർഡ് സപ്ലൈയിൽ അവർ കൊടുത്ത ഔട്ട് വേഡ് സപ്ലൈയേക്കാൾ കൂടിയ നികുതി ഇൻപുട്ടിന്റെ വ്യത്യാസം Inverted Duty Structure ആയി റീഫണ്ട് കിട്ടുകയുള്ളൂ എന്ന കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധിക്കുക. നിയമത്തിൽ വരുത്തുന്ന സമയബന്ധിതമായ നടപടിക്രമങ്ങൾ സാമ്പത്തിക രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കും. ഇവിടെ രണ്ടും ഒന്നും കൂട്ടിയാൽ മൂന്ന് എന്ന നിലയിൽ നിന്ന് മാറി രണ്ടിന്റെ അഞ്ച് ഗുണിതങ്ങളായി മാറി 2 രണ്ടിന്റെ അഞ്ച് ഘട്ടം അപ്പുറത്തുള്ള മുപ്പത്തിരണ്ടു (2x2x2x2x2=32-(25) എന്ന നിലയിലേക്ക് വരെ ചലിപ്പിച്ചേക്കാം.

### ഇൻവെർട്ടഡ് ഡ്യൂട്ടീസ്ട്രക്ചറുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു ഉദാഹരണ സഹിതം വ്യക്തമാക്കാം.

ഒരു നികുതിദായകന്റെ purchase ഉൾപ്പെടെയുള്ള ഇൻവേർഡ് സപ്ലൈ ഒരു മാസം പത്തുലക്ഷം രൂപയും അതിന്റെ inward supply നികുതി 1,80,000 രൂപയും ആണ് എന്ന് വിചാരിക്കുക. ആ ബിസിനസ്സുകാരൻ. അദ്ദേഹത്തിന്റെ പ്രൊഡക്ട് 15,00,000 രൂപയ്ക്കാണ് വിൽപ്പന നടത്തിയതെന്ന് കരുതുക. വിൽപ്പന തുകയായ 15,00,000 രൂപയുടെ ജി എസ് ടി അഞ്ച് ശതമാനമാണ് എന്ന് വിചാരിക്കുക. അതായത് എഴുപത്തയ്യായിരം രൂപയാണ് അദ്ദേഹത്തിന് വിൽപ്പനയുടെ നികുതി ബാധ്യത വരുന്നത്. അദ്ദേഹം ഇൻപുട്ട് ആയി എടുത്തതോ 1,80,000 രൂപ. അങ്ങനെ വരുന്ന സമയത്ത് നികുതി ബാധ്യതയായി വരുന്ന 75,000 രൂപ കിഴിച്ചു വരുന്ന ഒരു ലക്ഷത്തി അയ്യായിരത്തോളം രൂപ അദ്ദേഹത്തിന് റീഫണ്ട് ലഭിക്കും. Inverted Duty Structure അനുസരിച്ച് 10,00,000 രൂപയുടെ പ്രൊഡക്റ്റിൽ അദ്ദേഹം ഇൻവെസ്റ്റ് ചെയ്തപ്പോൾ, ഒരുലക്ഷത്തി അയ്യായിരം രൂപ, അതായത് 10.5% ഒരു മാസത്തിനുള്ളിൽ തന്നെ റീഫണ്ട് ക്ലെയിം ഉണ്ടായി.

ആ റീഫണ്ടിന്റെ 90% അതായത് ഏതാണ്ട് തൊണ്ണൂറ്റി നാലായിരത്തോളം രൂപ അദ്ദേഹത്തിന് പ്രോഡക്റ്റ് വില്പന നടത്തി ഒരു മാസം കൊണ്ട് ലാഭവിഹിതമായി കിട്ടിക്കഴിഞ്ഞിരിക്കുന്നു. വ്യവസായ മേഖലയിൽ Inverted Duty Structureന്റെ ആനുകൂല്യം മാത്രം നോക്കി പുതിയ സംരംഭങ്ങൾ, പുതിയ സ്റ്റാർട്ടപ്പുകൾ നമ്മുടെ നാട്ടിൽ വന്നിരിക്കും. അതിൽ മുൻനിരയിൽ നിൽക്കുക യുവാക്കൾ ആയിരിക്കും. പ്രൊഫഷണലുകളെ കൺസൾട്ട് ചെയ്യുന്ന ബിസിനസ്സുകാരോട് സാധാരണ നിലയിൽ ബിസിനസ് ഉപദേശകർ കൊടുക്കുന്ന ഒരു ഉപദേശമാണ്, ഉയർന്ന നിരക്കിൽ റോ മെറ്റീരിയലിനു ജി.എസ്.ടി വരുന്ന പ്രോഡക്റ്റുകൾ നിർമ്മിക്കൂ. അതിന്റെ ഫിനിഷ്ഡ് പ്രോഡക്ടിന്റെ റേറ്റ് ജി.എസ്.ടി.യിൽ റോ മെറ്റീരിയൽ സിനേക്കാൾ കുറവാണെങ്കിൽ ഇൻവെർട്ടഡ് ഡ്യൂട്ടി സ്ട്രക്ചറിന്റെ ലഭിക്കും എന്ന് മുകളിൽ സൂചിപ്പിച്ച ഉദാഹരണത്തിൽ പത്തര ശതമാനം ഉൽപാദനം നടത്തി ഒരു മാസം കൊണ്ട് ആ സംരംഭകന് Inverted Duty Structure വഴി റീഫണ്ട് കിട്ടിയിരിക്കുകയാണ്.

തുടരും....

**Dr. (Adv) K S Hariharan**
ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ
Ph- 9846227555, 7902443188, 7907000401



# ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി



വിശ്വനാഥൻ ഒടാട്ട്

നിങ്ങൾ ഒരു തൊഴിലുടമ ആണോ ? 15 ലധികം ജീവനക്കാർ നിങ്ങളുടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുടോ? എങ്കിൽ നിങ്ങൾക്കും, ജീവനക്കാർക്കും, കുടുംബാംഗങ്ങൾക്കും വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഒരു ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പോളിസിയുണ്ട്. ഏറ്റവും ചുരുങ്ങിയത് 35 പേരും, പരമാവധി 100 പേർക്കും ഈ പോളിസിയിൽ ചേരാനാകും. 18 വയസ്സു മുതൽ 60 വയസ്സുവരെ പ്രായമുള്ളവർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും ഈ പോളിസിയിൽ പരിരക്ഷ ലഭിക്കുന്നതാണ്. 3 ലക്ഷം/5 ലക്ഷം രൂപയാണ് ഇൻഷുർ ചെയ്യുന്ന തുക. ഇൻഷുർ ചെയ്ത തുകയുടെ ഒരു ശതമാനമാണ് റൂം വാടകയായി നൽകുക. ഐ.സി.യു.വിനാണെങ്കിൽ ഇത് രണ്ട് ശതമാനമായിരിക്കും. ആംബുലൻസ് ചാർജ്ജ് ഇനത്തിൽ 1500 രൂപ വരെ ലഭിക്കുന്നതാണ്. ഇതിനുപുറമെ ഡെകെയർ പ്രൊസീജിയർ, മാനസിക ചികിത്സ മുതലായവയ്ക്ക് പോളിസിയുടെ പരിധിക്ക് വിധേയമായി ക്ലെയിം നൽകുന്നതാണ്. സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരെയും ഈ പോളിസി പ്രകാരം ഇൻഷുർ ചെയ്തിരിക്കണം. അല്ലാതെ ഭാഗികമായി കുറച്ചു പേരെ മാത്രം ഇൻഷുർ ചെയ്യാൻ പാടില്ല. കൊടക് ജനറൽ ഇൻഷുറൻസ് കമ്പനിയാണ് പോളിസി നൽകുന്നത്. കമ്പനി അംഗീകൃത ആശുപത്രികളിൽ നിന്ന് വിട്ടാൽ ഹെൽത്ത് ടി.പി.എ. വഴി സൗജന്യ ചികിത്സയും ലഭിക്കുന്നതാണ്. പോളിസിയിൽ ചേരാനായി എംപ്ലോയികോഡ്, പേര്, ആശ്രിതരുടെ പേര്, ജനനതിയ്യതി, ബന്ധം ബന്ധപ്പെടേണ്ട നമ്പർ എന്നിവയാണ് നൽകേണ്ടത്. സഹകരണ ബാങ്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബിസിനസ്സ് സ്ഥാപനങ്ങൾ, കമ്പനികൾ തുടങ്ങി ചെറുകിട ഇടത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരെ ലക്ഷ്യം വെച്ചാണ് ഇത്തരം ഒരു പോളിസി ചിട്ടപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ പ്രീമിയം നിരക്കിൽ ഇൻഷുർ ചെയ്യാവുന്ന സരളമായ നടപടി ക്രമങ്ങളോടു കൂടിയ ഒരു പോളിസിയാണിത്.

| ഇൻഷുർ ചെയ്യുന്ന തുക | കുടുംബത്തിന്വാർഷിക പ്രീമിയം | വ്യക്തിക്ക് വാർഷിക പ്രീമിയം |
|---|---|---|
| 3 ലക്ഷം | 9,000 രൂപ | 6,000 രൂപ |
| 5. ലക്ഷം | 12,600 രൂപ | 8,400 രൂപ |

മാനേജിംഗ് ഡയറക്ടർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനി
ഫോൺ: 9895768333, ഇ മെയിൽ: odatt@aimsinsurance.in

info@iiie.in www.iiie.in

Organizers

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION | METRO mart

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ

# ഇ.വി., ഗ്രീൻ എനർജി ഇന്ത്യ എക്സ്പോ


# വ്യവസായി സംഗമം

**16 17 18 JANUARY 2026**

ADLUX INTERNATIONAL CONVENTION CENTRE

KOCHI | KERALA | INDIA

iiie India International INDUSTRIAL EXPO 2026





EV & Green Energy India Expo 2026

For more details

+91 99477 33339, 99951 39933, +91 9496360300

SCAN TO REGISTER

In Association with

MSME | DEPARTMENT OF INDUSTRIES & COMMERCE | KSIDC | K-bip

# കേരള സോപ്പ്സ് മലയാളിയുടെ ചന്ദനലേപ സുഗന്ധം



ഇസ്ഹാക് കെ.

ഒരിക്കലും മലയാളി മറക്കാത്ത പേരാണ് കേരള വിപണിയിൽ വലിയ പരസ്യങ്ങളില്ലെങ്കിലും എന്നും ആവശ്യക്കാർ ഏറെയുള്ള ബ്രാൻഡ് ആണ് കേരള സാൻഡൽ സോപ്പ്. 2022–23 സാമ്പത്തിക വർഷത്തിൽ കമ്പനി റെക്കോർഡ് പ്രോഫിറ്റ് ആണ് നേടിയിട്ടുള്ളത്. ലിക്വിഡ് സോപ്പ്, ഹാൻഡ് വാഷ്, ഡിറ്റർജന്റ് ക്യാബിനറ്റ് ക്ലീനർ തുടങ്ങി പുതിയ ഉൽപന്ന ശൃംഖലകൾ കൂട്ടിച്ചേർത്ത് ബ്രാൻഡ് വിപുലീകരണം ഓൺലൈൻ വിപണി പങ്കാളിത്തം എന്നിവ വികസിപ്പിച്ചു വരുന്നു. ഉയർച്ച താഴ്ചകളുടെയും പരീക്ഷണങ്ങളിലൂടെ നടന്നു നീങ്ങുന്ന സ്ഥാപനം 2002–ൽ സാമ്പത്തിക നഷ്ടത്താൽ അടച്ചുപൂട്ടപ്പെട്ടു. 2010 ൽ സ്ഥാപനം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കീഴിലാക്കുകയുണ്ടായി. പുനരാരംഭം കഴിഞ്ഞ് വിൽപ്പനയിലും വരുമാനത്തിലും സ്ഥിരമായ വളർച്ച കണ്ടെത്തി 2013–14 സാമ്പത്തിക വർഷത്തിൽ സ്ഥാപനം 10 കോടിയുടെ വിൽപ്പന നേടി. സ്ഥാപനത്തിന്റെ എക്കാലത്തെയും മികച്ച ഉത്പന്നമാണ് മറയൂർ പോലുള്ള സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച സാന്റൽ ഓയിൽ കൊണ്ട് തയ്യാറാക്കുന്ന കേരള സോപ്പ് രാജ്യത്തും വിദേശത്തും ഇതിന് ആവശ്യക്കാർ ഏറെയാണ്. 1914 ബ്രിട്ടീഷ് ഭരണകാലത്ത് സോപ്പ് നിർമ്മാണ പരിശീലനത്തിനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയുണ്ടായി വെളിച്ചെണ്ണ ഉപയോഗിച്ച് സോപ്പ് നിർമ്മിക്കുകയായിരുന്നു ലക്ഷ്യം 1940 കോഴിക്കോട്ടെ വെള്ളയിലും 1953–ൽ വെസ്റ്റ് ഹില്ലിലും സ്ഥാപനം വിപുലീകരിച്ചു 1963–ൽ കമ്പനി നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനം തൊട്ടടുത്ത വർഷം കേരള സർക്കാർ ഏറ്റെടുത്ത് കേരള സോപ്സ് ആൻഡ് ഓയിൽസ് എന്ന് മാറ്റി. 1976–ൽ ആധുനിക സോപ്പ് നിർമ്മാണ യൂണിറ്റ് വനസ്പതി ഷാർക്ക് ലിവർ ഓയിൽ എന്നിവയും ഉത്പാദിപ്പിക്കാൻ തുടങ്ങി. പ്രതിവർഷം 12,000 ടൺ സോപ്പ് ഉൽപാദനശേഷിയുള്ള ഈ സ്ഥാപനം മലബാറിലെ ഏറെ വർഷത്തെ പാരമ്പര്യമുള്ള സംരംഭവും മലയാളികളുടെ അഭിമാനവും ആണ് പൊതുമേഖലയിലെ വ്യവസായ സംരംഭങ്ങൾ ഏറെയും നഷ്ടത്തിന്റെ കണക്കുകൾ പറയുമ്പോൾ കേരള സർക്കാരിന്റെ 100 കോടി രൂപയിൽ താഴെ വിറ്റുവരവുള്ള മികച്ച പൊതുമേഖലാ സ്ഥാപനം എന്ന ബഹുമതി നേടിയത് വലിയ അംഗീകാരമാണ്. ഈ നേട്ടം ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാവരുടെയും ആത്മാർത്ഥതയുടെയും അർപ്പണ ബോധത്തിന്റെയും ഒരു പുതിയ ചരിത്രമാണ്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് പൊതുമേഖല സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന നേട്ടമാണ് കൈവരിച്ചിരിക്കുന്നത് ഒരിക്കലും രക്ഷപ്പെടില്ലെന്ന് വിധിയെഴുതിയ സ്ഥാപനത്തെ തുടർച്ചയായി ഉന്നതയിലേക്ക് കൈപിടിച്ചുയർത്തിയ കഠിനാധ്വാനം ഏറെ പ്രശംസനീയമാണ്. പൊതുമേഖലയ്ക്ക് മാത്രമല്ല സ്വകാര്യമേഖലയിൽ തോൽവി ഏറ്റുവാങ്ങിയവർക്കും ഏറെ പഠിക്കാനുണ്ട് കേരള സോപ്പിന്റെ മാതൃക ഈ സാമ്പത്തിക വർഷം സ്ഥാപനം എട്ടുകോടി രൂപയുടെ അറ്റാദായം നേടാൻ കഴിഞ്ഞു എന്നത് കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് തെളിവാണ്. വരും വർഷങ്ങളിൽ ആഗോളതലത്തിൽ ശ്രദ്ധ നേടാനുള്ള ഒരുക്കത്തിലാണ് കെ എസ് ഐ. ഇ. ഇതിന്റെ ഭാഗമായി വിവിധ യൂറോപ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള ധാരണപത്രം ഒപ്പുവെച്ചുകഴിഞ്ഞു. ഈ വിജയത്തിൽ ആഹ്ലാദിക്കുന്നതോടൊപ്പം ഇനിയും ഏറെ മുന്നേറാൻ മലയാളികളുടെ ഈ ബ്രാൻഡിന് കഴിയട്ടെ.

എഡിറ്റോറിയൽ ബോർഡ്
അംഗമാണ് ലേഖകൻ

REINVENT
MALABAR
GROWTH STORIES

ചെലവ് കുറയും വേഗം കൂടും

# വ്യവസായ സൗഹൃദ കേരളത്തിന് പുതു ദിശ നൽകി ലോജിസ്റ്റിക്സ് പോളിസി 2025



വിഷ്ണുരാജ് പി. ഐ.എ.എസ്

ഒരു രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയോ സാമ്പത്തിക വളർച്ചയുടെ നട്ടെല്ലാണ് ലോജിസ്റ്റിക്സ് അഥവാ ചരക്കുനീക്ക മേഖല. ഉൽപ്പന്നങ്ങൾ ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന് ഉപഭോക്താവിലേക്ക് കൃത്യസമയത്ത് ഏറ്റവും കുറഞ്ഞ ചെലവിൽ എത്തിക്കുക എന്ന നിർണായക ദൗത്യം നിർവഹിക്കുന്നത് ഈ മേഖലയാണ്. വ്യവസായങ്ങളുടെ വളർച്ചയ്ക്കും വിദേശനിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലോജിസ്റ്റിക്സ് ശ്യംഖലയുടെ കാര്യക്ഷമത പ്രധാനമാണ്. ഈ പശ്ചാത്തലത്തിലാണ് കേരളത്തെ ആഗോള നിലവാരമുള്ള ഒരു വ്യവസായ സൗഹൃദ കേന്ദ്രമായി മാറ്റുക എന്ന ലക്ഷ്യത്തോടെ കേരള ലോജിസ്റ്റിക്സ് പോളിസി 2025 സംസ്ഥാന സർക്കാർ പുറത്തിറക്കിയിരിക്കുന്നത്.

വേൾഡ് ബാങ്കിന്റെ 2023ലെ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ ലോജിസ്റ്റിക്സ് മേഖലയിലെ പ്രകടനം മികച്ച നിലവാരം പുലർത്തുന്നതായി സൂചിപ്പിക്കുന്നു. രാജ്യം ലോജിസ്റ്റിക്സ് മേഖലയിലെ റാങ്കിങ്ങിൽ 38–ാം സ്ഥാനത്ത് എത്തിനിൽക്കുന്ന ഈ സമയത്ത് കേരളത്തിന്റെ ഈ നയ രൂപീകരണം ഏറെ പ്രാധാന്യം അർഹിക്കുന്നു. ലീഡ്സ് - 2023 വിലയിരുത്തലിൽ കേരളം ഫാസ്റ്റ് മൂവർ വിഭാഗത്തിലാണ് സ്ഥാനം നേടിയത് എന്നതും പ്രതീക്ഷ നൽകുന്നു.

മികച്ച റോഡുകളും വിമാനത്താവള–തുറമുഖ ശൃംഖലയുമുണ്ട് എങ്കിലും, ചരക്ക് നീക്കത്തിനായി പ്രധാനമായും റോഡ് ഗതാഗതത്തെ മാത്രം ആശ്രയിക്കുന്നത് കേരളത്തിലെ ലോജിസ്റ്റിക്സ് ചെലവ് വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. കൂടാതെ ഉയർന്ന ഭൂമി വിലയും വ്യാവസായിക കേന്ദ്രങ്ങളിലേക്കുള്ള റോഡ് കണക്റ്റിവിറ്റിയുടെ കുറവും ഈ മേഖലയുടെ വികസനത്തിന് തടസ്സം ഉണ്ടാക്കുന്നു. ഈ പോരായ്മകളെ മറികടന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ലോജിസ്റ്റിക്സ് ചെലവ് കൈവരിക്കുകയാണ് പുതിയ നയത്തിന്റെ ലക്ഷ്യം.

സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനായി മത്സരക്ഷമത വർധിപ്പിക്കുന്നതിന്, സംയോജിതവും, വിശ്വസനീയവും, ചെലവ് കുറഞ്ഞതും, സുസ്ഥിരവുമായ ഒരു ലോജിസ്റ്റിക്സ് ആവാസവ്യവസ്ഥ പ്രോത്സാഹിപ്പിക്കുക എന്നതാണ് പുതിയ ലോജിസ്റ്റിക്സ് നയം ലക്ഷ്യം വയ്ക്കുന്നത്. ലോജിസ്റ്റിക്സ് മേഖലയെ കേരള ഇൻഡസ്ട്രിയൽ പോളിസി 2023 പ്രകാരം വ്യവസായം ആയി പ്രഖ്യാപിച്ചത് ഈ മേഖലയ്ക്ക് വലിയ ഊർജ്ജം പകരും. കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി, സംസ്ഥാന ലോജിസ്റ്റിക്സ് കോഡിനേഷൻ കമ്മിറ്റി (മുഖ്യ സെക്രട്ടറി അധ്യക്ഷൻ) സംസ്ഥാന ലോജിസ്റ്റിക്സ്സെൽ തുടങ്ങിയ സംവിധാനങ്ങൾ രൂപീകരിക്കും. ഇത് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി പദ്ധതികൾക്ക് വേഗത കൂട്ടും.



അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിന്റെ ഭാഗമായി വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി ഉറപ്പാക്കുക തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തീരദേശ ഹൈവേയുടെ നിർമ്മാണം ത്വരിതപ്പെടുത്തുക, കൊച്ചി പെട്രോൾ കെമിക്കൽ പാർക്ക് പോലുള്ള വ്യവസായിക ഇടങ്ങളിലേക്ക് മികച്ച കണക്ടിവിറ്റി നൽകുക എന്നിവ പ്രധാന തന്ത്രങ്ങളാണ്. കൂടാതെ ഏകജാലക ക്ലിയറൻസ് സംവിധാനം ലോജിസ്റ്റിക് പാർക്കുകൾക്ക് സമയബന്ധിതമായി അനുമതി നൽകാൻ സഹായിക്കും.

ലോജിസ്റ്റിക്സ് മേഖലയുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം അത്യന്താപേക്ഷിതമായതുകൊണ്ട് നിക്ഷേപകരെ ആകർഷിക്കുന്നതിനായി ആകർഷകമായ ഇളവുകളും നയം മുന്നോട്ട് വെക്കുന്നുണ്ട്. ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള യോഗ്യമായ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% വരെ പരമാവധി പത്തുകോടി രൂപ വരെ സബ്സിഡി ലഭിക്കും ചെറുകിട പദ്ധതികളായ മിനി ലോജിസ്റ്റിക്സ് പാർക്കുകൾക്ക് പരമാവധി അഞ്ചു കോടി രൂപ വരെ സബ്സിഡി നൽകും. നിക്ഷേപകർക്ക് വലിയ ആശ്വാസമായി ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് പാട്ടത്തിന് എടുക്കുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജുകളിലും പൂർണ്ണ ഇളവ് നൽകാനും നയം വ്യവസ്ഥ ചെയ്യുന്നു. നയത്തിന്റെ വിജയത്തിനായി സർക്കാർ ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിൽ പ്രവർത്തിക്കുകയും പാർക്കുകളുടെ പ്രവർത്തനത്തിനായി സേവന ദാതാക്കൾക്ക് സൗകര്യങ്ങൾ, വാടകയ്ക്ക് നൽകുന്നതിൽ ഡെവലപ്പർമാർക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും ചെയ്യും.

കേരള ലോജിസ്റ്റിക്സ് പോളിസി 2015 എന്നത് ഒരു സാധാരണ നയരേഖയല്ല, മറിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാവിക്കായുള്ള ഒരു നിർണായക ചുവടുവെപ്പാണ്. ചരക്കുനീക്ക ചെലവ് കുറയുന്നു അതിലൂടെ സംസ്ഥാനത്തിന്റെ വ്യാവസായിക മത്സരക്ഷമത വർദ്ധിപ്പിക്കാനും, അതുവഴി കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഈ നയത്തിന് സാധിക്കും. കേരളത്തെ ഇന്ത്യയിലെയും ആഗോളതലത്തിലെയും ഒരു പ്രമുഖ ലോജിസ്റ്റിക്സ് കേന്ദ്രമായി ഉയർത്താൻ ഈ പോളിസി വഴിയൊരുക്കുമെന്നതിൽ സംശയമില്ല

**കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ആണ് ലേഖകൻ**

Scan for the initiative of Industries Department in the previous two years.



പാലക്കാട് നെല്ലിയാമ്പതി ഗ്രീൻ ഫാം ഹൗസിൽ വച്ച് നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു


മെട്രോ ഫുഡ് അവാർഡ് നേടിയ എസ്.എൽ.കെ. ഫുഡ്സ് ഉടമയും, കെ.എസ്.എസ്.എഫ് ചെയർമാനുമായ എം. ഖാലിദിനെ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു

# ലൈസൻസിംഗ് ചട്ടങ്ങൾ സമഗ്രഹമായി പരിഷ്കരിച്ച് സർക്കാർ



ടി.എസ്. ചന്ദ്രൻ

## കേരളത്തിലെ 80 ശതമാനം വ്യവസായികളും ഇനി പഞ്ചായത്ത് ലൈസൻസ് എടുക്കേണ്ടി വരില്ല.

കേരളത്തിലെ വ്യവസായികൾ കാലങ്ങളായി ആവശ്യപ്പെടുന്ന കാര്യമാണ് ലൈസൻസിംഗ് സംവിധാനം ലളിതമാക്കുക എന്നത്. അത്തരത്തിൽ നിരവധി പരിഷ്കാരങ്ങൾ സംസ്ഥാന സർക്കാർ കൊണ്ടുവന്നു. 2018 - ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്, 2019 ലെ കേരള എം എസ് എം ഇ ഫെസിലിറ്റേഷൻ ആക്ട് തുടങ്ങിയവയെല്ലാം മികച്ച നിയമപരിഷ്കാരങ്ങൾ ആയിരുന്നു. എന്നാൽ ഇതിലൊന്നും തന്നെ പഞ്ചായത്തുകളുടെ ലൈസൻസിംഗ് അധികാരം എടുത്തു കളഞ്ഞിരുന്നില്ല. കേരളത്തിലെ വ്യവസായികൾ ഏറെക്കാലമായി ആവശ്യപ്പെടുന്ന ഒന്നാണ് പഞ്ചായത്തുകളുടെ ലൈസൻസിന് അധികാരങ്ങൾ എടുത്തു കളയണം എന്നത്. മറ്റു സംസ്ഥാനങ്ങളിൽ ഒന്നും തന്നെ വ്യവസായങ്ങൾ തുടങ്ങുന്നതിനു പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ല. മലിനീകരണം നിയന്ത്രണ ബോർഡിന്റെ അനുമതി മാത്രം മതിയാകും. ഇത്തരത്തിലുള്ള ഒരു ആവശ്യം പരിഗണിക്കുന്നതിന്റെ ആദ്യപടിയായി ഇപ്പോഴത്തെ പഞ്ചായത്ത്രാജ് ചട്ടങ്ങളുടെ പരിഷ്കരണത്തെ കാണാവുന്നതാണ്. മുനിസിപ്പൽ ചട്ടങ്ങൾ ഇതേ രീതിയിൽ പരിഷ്കരിക്കുമെന്നും വിജ്ഞാപനം ഇറക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പ്രസ്താവിച്ചിട്ടുണ്ട്.

കേരളം സംരംഭസൗഹൃദം ആക്കാൻ ഉദ്ദേശിച്ചുള്ള പഞ്ചായത്ത് രാജ് ചട്ട ഭേദഗതി ആഗസ്റ്റ് 18ന് പുറത്തിറങ്ങി. അതിലെ പ്രധാന സവിശേഷതകൾ ആദ്യം പരിശോധിക്കാം.

### സംരംഭങ്ങൾക്ക് ഇനി രണ്ട് കാറ്റഗറി മാത്രം

സംരംഭങ്ങളെ നിർമ്മാണ സംരംഭങ്ങൾ എന്നും സേവന, കച്ചവട സംരംഭങ്ങൾ എന്നും രണ്ട് കാറ്റഗറിയായി തിരിച്ചിരിക്കുന്നു. കാറ്റഗറി ഒന്നിൽ വരുന്നത് നിർമ്മാണ സംരംഭങ്ങളാണ്. രണ്ടിൽ വ്യാപാര/സേവന സംരംഭങ്ങളും. ഇതിന്റെ അടിസ്ഥാനത്തിൽ ലൈസൻസുകളും അനുമതികളും നൽകും.

### പഞ്ചായത്ത് ലൈസൻസ് വേണ്ട

പഞ്ചായത്ത് രാജ് ചട്ട ഭേദഗതിയിലെ ഒരു സുപ്രധാന വ്യവസ്ഥയാണ് ഇത്. കാറ്റഗറി ഒന്നിൽ വരുന്നതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രി.സി.ബി) വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെടുന്നതുമായ സംരംഭങ്ങൾക്ക് ഇനിമേൽ പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ല. അതിനു പകരം രജിസ്ട്രേഷൻ എടുത്താൽ മതിയാകും. കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സംരംഭങ്ങളിൽ 80 ശതമാനം ഗ്രീൻ/വൈറ്റ് കാറ്റഗറിയിൽ വരുന്നവയാണ് എന്നതിനാൽ ബഹുഭൂരിപക്ഷം സംരംഭകർക്കും ഇത് ഗുണം ചെയ്യും. ഓറഞ്ച്, റെഡ് കാറ്റഗറി സംരംഭങ്ങൾ 20%ത്തിൽ താഴെ മാത്രമേ സംസ്ഥാനത്ത് ഉണ്ടാകുന്നുള്ളൂ. എന്നാൽ റെഡ്, ഓറഞ്ച് എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കാറ്റഗറി രണ്ടിൽ വരുന്ന വ്യാപാര വാണിജ്യ യൂണിറ്റുകൾ ലൈസൻസ് എടുക്കേണ്ടിവരും.

### വീടുകളിൽ തുടങ്ങാം വ്യവസായങ്ങൾ

വീടുകളിൽ വ്യവസായം തുടങ്ങുന്നതിനും നടത്തുന്നതിനും ഈ നിയമത്തിൽ പ്രത്യേക പരിഗണന നൽകിയിരിക്കുന്നു. നിയമപരമായ എല്ലാ പ്രവർത്തികൾക്കും ലൈസൻസ് നൽകുന്നതിനും പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു. മൂലധന നിക്ഷേപം 10 ലക്ഷത്തിൽ അധികരിക്കാത്തതും 5HP അധികരിക്കാത്ത യന്ത്രങ്ങൾ ഉപയോഗിക്കുന്നതും, പൊലൂഷൻ കൺട്രോൾ ബോർഡിന്റെ നിർവചനത്തിൽ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ പെടുന്നതും ആയ സംരംഭങ്ങൾ ഇനിമേൽ വീടുകളിൽ തന്നെ പ്രവർത്തിപ്പിക്കാം.



ആൾ താമസമുള്ള വീടുകളിലെ 50% വരെ സ്ഥലവും താമസമില്ലാത്ത വീടുകളിൽ ആണെങ്കിൽ 100% സ്ഥലവും സംരംഭങ്ങൾക്കായി വിനിയോഗിക്കാം. ചെറിയ സംരംഭകരെ സംബന്ധിച്ചിടത്തോളം വലിയ അനുഗ്രഹമായ ഒരു തീരുമാനമാണ് ഇത്.

## 5 ദിവസത്തിനകം ലൈസൻസ്

ലൈസൻസിന് അപേക്ഷിച്ചു കഴിഞ്ഞാൽ അതിൽ കുറവുകൾ ഉണ്ട് എങ്കിൽ ഉടൻ തന്നെ സംരംഭകനെ അറി യിക്കണം. അപേക്ഷ സ്വീകരിച്ച് 5 ദിവസത്തിനകം കാറ്റഗറി രണ്ട് പ്രകാരമുള്ള ലൈസൻസുകളും, 30 ദിവ സത്തിനുള്ളിൽ കാറ്റഗറി 1 പ്രകാരമുള്ള ലൈസൻസും നൽകിയിരിക്കണം. ഇപ്രകാരം നൽകിയില്ലെങ്കിൽ ഏത് ആവശ്യത്തിനാണോ അപേക്ഷിച്ചത് പ്രസ്തുത ലൈസൻസ് നൽകിയതായി കണക്കാക്കി കല്പിത ലൈസൻസ് നൽകുന്നതാണ്.

## സർക്കാർ വ്യവസായ എസ്റ്റേറ്റുകൾ

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വ്യവസായ മേഖല യിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ഇനിമേൽ പഞ്ചായത്തിന്റെ ലൈസൻസോ, അനുമതിയോ എടുക്കേണ്ടതില്ല. എന്നിരുന്നാലും നിശ്ചിതമായിട്ടുള്ള ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

## ലൈസൻസ് ഫീസ് നിക്ഷേപത്തെ അടിസ്ഥാനപ്പെടുത്തി മാത്രം

പരിഷ്കരിച്ച ചട്ടത്തോടനുബന്ധിച്ച് ചേർത്തിട്ടുള്ള പട്ടിക പ്രകാരം ഫീസ് എല്ലാവരും നൽകണം. ഇത് നിക്ഷേപത്തെ അടിസ്ഥാനപ്പെടുത്തി മാത്രമായിരിക്കും. നിക്ഷേപത്തിൽ കെട്ടിടം, ഭൂമി എന്നിവയുടെ വില കണ ക്കാക്കുന്നില്ല. മെഷിനറികൾ, ഉപകരണങ്ങൾ മറ്റു സ്ഥിര നിക്ഷേപങ്ങൾ എന്നിവയായിരിക്കും പരിഗണിക്കുക.

## നിയമവിധേയമായി എല്ലാ പ്രവർത്തികൾക്കും ലൈസൻസ്.

ഓൺലൈൻ സംരംഭങ്ങൾ, ഡിജിറ്റൽ മാർക്കറ്റിംഗ്, ട്യൂഷൻ സെന്ററുകൾ, കൺസൾട്ടൻസി സർവീ സുകൾ അടക്കമുള്ള പ്രവർത്തികൾക്ക് ലൈസൻസ് നൽകാൻ വകുപ്പില്ലായിരുന്നു. എന്നാൽ നിയമപരമായി നടത്തുന്ന എല്ലാത്തരം സംരംഭങ്ങൾക്കും ഇനിമേൽ പഞ്ചായത്ത് ലൈസൻസ് ലഭിക്കും. ഇത് ഇല്ലാത്തതിന്റെ പേരിൽ ലോൺ, ഗ്രാൻഡുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനി തടസ്സപ്പെടുകയില്ല ഇനിമുതൽ. മൊബൈൽ സർവീസുകൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ ഇരുചക്ര/മുചക്ര വാഹനങ്ങളിൽ നടത്തുന്ന മിനി സംരംഭങ്ങൾ തുടങ്ങിയവയ്ക്കെല്ലാം തന്നെ ലൈസൻസ് നൽകുന്നതിന് പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

## ലൈസൻസുകളുടെ കാലാവധി അഞ്ചുവർഷം

ലൈസൻസുകൾ പരമാവധി അഞ്ചുവർഷത്തേക്ക് നൽകും. എന്നാൽ ലൈസൻസ് എടുക്കുന്നതിനു വേണ്ട ഏതെങ്കിലും ഒരു അനുമതിയുടെ കാലാവധി ഉണ്ടെങ്കിലും ആയതിനും ലൈസൻസ് ലഭിക്കും. അവസാ നിക്കുന്ന തീയതിക്കു വിധേയമായിട്ടാകും ഇത് അനുവദി ക്കുക. ലൈസൻസുകൾ പുതുക്കുന്നതും എളുപ്പമാക്കി. സ്വയം സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റ് സമർപ്പിച്ച്, ഫീസ് അടച്ചാൽ പുതുക്കാനുള്ള സൗകര്യവും ഉണ്ടാകും. അതു പോലെതന്നെ സ്ഥാപനത്തിന്റെ പ്രവർത്തി മാറു ന്നില്ലെങ്കിൽ സംരംഭം കൈമാറ്റം ചെയ്യുന്ന വ്യക്തിക്കും ഉടമസ്ഥനെ മാറ്റി ലൈസൻസ് പുതുക്കി പോരാം. അതുപോലെ ഒന്നിലധികം പ്രവൃത്തികൾ നടക്കുന്നു ലൈസൻസ് കാലാവധിക്കകത്ത് തന്നെ ഇത്തരം പ്രവർത്തികൾ കൂട്ടിച്ചേർക്കാനും കഴിയും. അതുപോലെ തന്നെ വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന കളിലും നിയന്ത്രണം കൊണ്ടുവന്നിരിക്കുന്നു. അപേക്ഷ നിരസിച്ചാൽ അപേക്ഷകൻ അടച്ച ഫീസ് തിരികെ നൽകാനും വ്യവസ്ഥ ചെയ്യുന്നു. ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ പ്രവർത്തനം വരുന്നുവെങ്കിൽ മുഖ്യ പ്രവർത്തനം നടത്തുന്ന പഞ്ചായ ത്തിൽ ലൈസൻസ് എടുത്താൽ മതിയാകും. അല്ലെങ്കിൽ മുഖ്യ ഓഫീസ്/ കേന്ദ്രം ഉണ്ടെങ്കിൽ അത് പ്രവർത്തിക്കുന്ന പഞ്ചായ ത്തിലും ലൈസൻസ് എടുക്കാം.

## അപ്പീൽ അധികാരം

പഞ്ചായത്ത് സെക്രട്ടറി എടുക്കുന്ന തീരുമാനങ്ങളിൽ അതൃപ്തി ഉള്ള പക്ഷം അപ്പീൽ നൽകുന്നതിന് പ്രത്യേകമായ ഒരു സംവിധാനം ഉണ്ടാകുമെന്ന് നിയമത്തിൽ പറഞ്ഞിരിക്കുന്നു. ജില്ലാതലത്തിൽ തന്നെ ഇതിന് ആവശ്യമായ ഒരു സംവിധാനം കൊണ്ടുവരാ നാണ് വ്യവസ്ഥ. ഇത് നിലവിൽ ഇല്ലാത്ത ഒരു സൗകര്യമാണ്.

## നൽകേണ്ട രേഖകൾ കുറയ്ക്കുന്നു

സംരംഭം നടത്തുന്ന സ്ഥലത്തിന്റെ കൈവശരേഖ മാത്രമാണ് രണ്ടു വിഭാഗം സംരംഭകരും ഒരു പോലെ ഹാജരാക്കേണ്ടത്. എന്നാൽ കാറ്റഗറി ഒന്നിൽ അനുമതിക്കായി പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിപത്രം കൂടി (ബാധകമായ സംഗതികളിൽ) ഹാജരാക്കണം. മറ്റ് അനുമതികൾ സംരംഭകർ സൂക്ഷിച്ചാൽ മതിയാകും. തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിൽ നൽകേതില്ല. നൽകേ രേഖകൾ കുറയ്ക്കുന്നു എന്നു മാത്രമല്ല വ്യക്തമായി വേണ്ട രേഖകൾ സംബന്ധിച്ച് ലിസ്റ്റ് ചെയ്ത് പറയുന്നു എന്നുള്ളത് കൂടിയാണ് നേട്ടം.

ലൈസൻസിംഗ് രംഗത്ത് വന്ന പരിഷ്കാരങ്ങൾ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ വളർന്നുവരുന്നതിന് തീർച്ചയായും പ്രോത്സാഹനമാണ്. ഇനിയും കുറെയേറെ കാര്യങ്ങൾ ഈ രംഗത്ത് പരിഷ്കരിക്കേണ്ടത് ഉണ്ട്. അത്തരത്തിലുള്ള മറ്റൊരു ചുവടുവെപ്പായി പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ ഭേദഗതിയെ കാണാവുന്നതാണ്.

സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറ ക്ടർ ആണ് ലേഖകൻ

Email- chandanseeedaran@gmail.com

# ചെയർമാൻ റിപ്പോർട്ട്

KSSIA യിലെ അംഗങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടി KSSIA ആരംഭിച്ച ഒരു സോഷ്യൽ സെക്യൂരിറ്റി ഫണ്ട് സ്കീം ആണ് കെ എസ് എസ് എഫ് എന്ന പേരിൽ അറിയപ്പെടുന്ന പരസ്പര സഹായ പദ്ധതി. ഈ പദ്ധതിയിൽ ചേർന്ന അംഗങ്ങൾക്ക് പെട്ടെന്ന് മരണം സംഭവിക്കുകയാണ് എങ്കിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കോ നോമിനി ആയിട്ടുള്ളവർക്കോ നിലവിൽ 10 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്.

അതേപോലെ മരണകാരണമാകുന്ന അസുഖങ്ങൾക്ക് (ഈ സ്കീമിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന അസുഖങ്ങൾക്ക് മാത്രം) പരമാവധി രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കൂടാതെ ഈ സ്കീമിൽ ചേർന്നിട്ടുള്ളവർക്ക് (70 വയസ്സ്) കാലാവധി പൂർത്തീകരിച്ചാൽ റിട്ടയർമെന്റ് ആനുകൂല്യവും നൽകുന്നതാണ്. ഈ പദ്ധതി ആരംഭിച്ച്, ഇതുവരെ 77 അംഗങ്ങളുടെ കുടുംബത്തിന് 7,13,36,704/രൂപ നൽകുകയുായി. ചികിത്സാ സഹായമായി 147 അംഗങ്ങൾക്ക് 1,41,43,798/ രൂപയും നൽകുകയുായി. റിട്ടയർമെന്റ് ഇനത്തിലായി 193 അംഗങ്ങൾക്ക് 35,78,605/രൂപയും നൽകുകയുായി. മൊത്തം 8,90,59,107/ രൂപ അംഗങ്ങളിൽ നിന്നും കോർപ്പസ് ഫണ്ടായി പിരിച്ചെടുത്ത തുകയിൽ നിന്നും വിതരണം ചെയ്തു.

### ഈ പദ്ധതിയിൽ അംഗത്വം എടുക്കാനുള്ള നിബന്ധന

1. KSSIA യിൽ അംഗത്വം ഉണ്ടായിരിക്കണം
2. പ്രായപരിധി 18 വയസ്സ് മുതൽ 65 വയസ്സ് വരെയാണ്.
3. MSME ഉദ്യം രജിസ്ട്രേഷൻ
4. ഉൽപാദന യൂണിറ്റ് ആയിരിക്കണം.
5. യൂണിറ്റ് പ്രവർത്തിക്കുന്നതായിരിക്കണം.
6. യൂണിറ്റ് നടത്തുന്ന വ്യക്തിക്കോ, അവരുടെ പങ്കാളിക്കോ, 18 വയസ്സ് കഴിഞ്ഞ കുട്ടികൾക്കോ ചേരാവുന്നതാണ്.
7. അംഗത്വ ഫീസ് 15,500/–രൂപയും, വർഷത്തിൽ കോർപ്പസ് ഫണ്ടായി 6000/– രൂപയും അടയ്ക്കേണ്ടതുണ്ട്.

**എം.ഖാലിദ്**
ചെയർമാൻ, കെ.എസ്.എസ്.എഫ്

**നമ്മുടെ ഒരു വ്യവസായ സുഹൃത്തിന് സഹായിക്കുന്ന ഈ പദ്ധതിയിൽ അംഗത്വം എടുക്കാൻ നാം ഓരോരുത്തരും സന്നദ്ധരാവുക തന്നെ വേണം. നമ്മൾ വ്യവസായികൾ ധാരാളം പണം മറ്റു പല കാര്യങ്ങൾക്കും ചെലവഴിക്കുന്നവരാണ്. നമ്മുടെ വ്യവസായ സുഹൃത്തിന്റെ കുടുംബത്തിനെ സഹായിക്കാനുള്ള സന്മനസ്സ് ഉണ്ടാകണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.**






രാജ്യത്തെ അച്ചടി വ്യവസായികളുടെ കേന്ദ്ര സംഘടനായ ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് (എ.ഐ.എഫ്.എം.പി.) ദേശീയ ഉപാധ്യക്ഷനായി കേരള പ്രിന്റേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം മുജീബ് അഹ്മദ് തിരഞ്ഞെടുക്കപ്പെട്ടു. കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ.) കാസർഗോഡ് ജില്ലാ സെക്രട്ടറിയും ഉത്തരദേശം ദിനപത്രം പബ്ലിഷറുമാണ് മുജീബ് അഹ്മദ്. മുജീബ് അഹമ്മദിനെ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പൊന്നാട അണിയിച്ച് ആദരിച്ചു.

# ജില്ലാ വാർത്തകൾ




എറണാകുളം ജില്ല വാർഷിക പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട, സംസ്ഥാന സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് പി.ജെ. ജോസ്, സംസ്ഥാന ട്രഷറർ ബി. ജയകൃഷ്ണൻ എന്നിവർ പങ്കെടുത്തു.




എറണാകുളം ജില്ല നടത്തുന്ന ഫുഡ് എക്സ്പോയുടെ ലോഗോ പ്രകാശനം വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം.മുഹമ്മദ്ഹനീഷ് ഐ.എ.എസ്. നിർവ്വഹിക്കുന്നു.



മലപ്പുറം ജില്ല വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുന്നു. ജനറൽ സെക്രട്ടറി നോർത്ത് സോൺ വൈസ് പ്രസിഡന്റ്, നോർത്ത് സോൺ ജോ. സെക്രട്ടറി എന്നിവരും പങ്കെടുത്തു.



Kerala Women Etnrepreneurs Conclave 2025 വ്യവസായ നിയമകയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്ത പ്രസ്തുത പരിപാടിയിൽ എസ്.സി. അംഗം ഡോക്ടർ ബിന്ദു സത്യജിത്ത് പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു. കണ്ണൂർ ജില്ലയിലെ വനിത അംഗങ്ങളും പങ്കെടുത്തു.




കൊല്ലം ബീച്ച് ഓർക്കിഡ് ഹോട്ടലിൽ വച്ച് നടന്ന സംസ്ഥാന സംഘടനയുടെ വാർഷിക പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.

# ഇത് നവയുഗ സാക്ഷ്യം

## ആവേശമായി വനിതാ സംരംഭകസംഗമം



**സൂരജ് എസ്.**
ചീഫ് എക്സിക്യുട്ടീവ് ഓഫീസർ,
കെബിപ്പ്

സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കേരള വനിതാ സംരംഭക സംഗമം പുതിയ ചരിത്രമായി. വിവിധ ജില്ലകളിൽ നിന്നുള്ള 1500 വനിതാ സംരംഭകർ ഒരേ കുടക്കീഴിൽ അണിനിരന്ന കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025 തൃശ്ശൂർ ലുലു കൺവെൻഷൻ സെന്ററിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.



കേരളത്തിന്റെ വ്യാവസായിക രംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച 'സംരംഭകവർഷം' പദ്ധതിയുടെ വിജയത്തിന് പിന്നാലെ, സംസ്ഥാനത്തെ വനിതാ സംരംഭകത്വ മേഖലയ്ക്ക് കൂടുതൽ ഉണർവ് നൽകാനുള്ള വിപുലമായ ശ്രമങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരികയാണ്. കേന്ദ്രഎം.എസ്.എം.ഇ (MSME) മന്ത്രാലയം ലോകബാങ്കിന്റെ പിന്തുണയോടെ നടപ്പാക്കുന്ന റാംപ് (RAMP) പദ്ധതിയുടെ ഭാഗമായാണ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (MSME) ഉന്നമനം ലക്ഷ്യമിട്ടുള്ള 'കേരള വനിതാ സംരംഭക സംഗമം' സംഘടിപ്പിച്ചത്. വെറുമൊരു കൂട്ടായ്മ എന്നതിലുപരി, കേരളത്തിലെ വനിതകളെ സാങ്കേതികവിദ്യയുടെയും ആഗോള മത്സരശേഷിയുടെയും ലോകത്തേക്ക് ഒരു പുതിയ ദിശാബോധം നൽകി കൈപിടിച്ച് നടത്താനുള്ള സംസ്ഥാന വ്യവസായ വകുപ്പിന്റെ പ്രതിബദ്ധതയുടെ പ്രഖ്യാപനമായിരുന്നു പ്രസ്തുത കോൺക്ലേവ്. സംരംഭം തുടങ്ങാൻ സ്വപ്നം കാണുന്നവർക്കും, നിലവിലുള്ള സംരംഭങ്ങളെ ആഗോള നിലവാരത്തിലേക്ക് ഉയർത്താൻ ആഗ്രഹിക്കുന്നവർക്കും, ഒരുപോലെ ഊർജ്ജവും ധൈര്യവും നൽകാൻ സഹായകരമായിരുന്നു കേരള വനിതാ സംരംഭക സംഗമം.



കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ തോതിൽ വനിതാ സംരംഭകർ മുന്നോട്ട് വരുന്നുണ്ടെന്നും, സംരംഭക വർഷത്തിന്റെ ഭാഗമായി രജിസ്റ്റർ



ചെയ്ത സംരംഭകരിൽ 31% സ്ത്രീകളാണ് എന്നതും ഇതിന് ഉദാഹരണമാണെന്നും ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. സ്ത്രീസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സുപ്രധാന ചട്ട ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ വീടുകളുടെ 50 ശതമാനം വരെ സംരംഭത്തിനായി വിനിയോഗിക്കാനുള്ള ലൈസൻസ് ഇതിലൂടെ ലഭിക്കും. ഒഴിഞ്ഞുകിടക്കുന്ന വീടുകളിൽ പൂർണമായും സംരംഭം തുടങ്ങാൻ കഴിയും. സംരംഭകർക്ക് വേണ്ട നൈപുണ്യ വികസനവും സർക്കാർ ഉറപ്പാക്കും. ഓൺലൈൻ വിപണി സജീവമാക്കാൻ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാൻ സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കും. കെ-സ്റ്റോറുകൾ വഴി സംരംഭകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള കരാറിൽ പൊതുവിതരണവകുപ്പുമായി ഒപ്പുവെച്ചിട്ടുണ്ട്. സംഗമത്തിലെ നിറഞ്ഞ പങ്കാളിത്തം കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള സൂചകമാണ്. ബഹു. മന്ത്രി പറഞ്ഞു.

‘സംരംഭക വർഷം’ പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത സംരംഭകരിൽ 31% പേരും വനിതകളാണ് എന്ന അഭിമാനകരമായ നേട്ടം നിലനിൽക്കെ, ഈ പങ്കാളിത്തത്തെ കൂടുതൽ ശക്തിപ്പെടുത്താനായിരുന്നു കോൺക്ലേവ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. വിവിധ ജില്ലകളിൽ നിന്നായി 1500-ഓളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ, ഒരു സംരംഭം തുടങ്ങാൻ ആവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് (Single Window System) ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, UDYAM, KSWIFT, GST തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇ-കൊമേഴ്സ്







## വനിതാ സംരംഭക കോൺക്ലേവിൽ ശ്രദ്ധേയമായി ബാംബു ക്രാഫ്റ്റ് എക്സിബിഷൻ

സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ തൃശൂരിൽ സംഘടിപ്പിച്ച കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025 ൽ ശ്രദ്ധേയമായി ബാംബു ക്രാഫ്റ്റ് എക്സിബിഷൻ. ഈ കോൺക്ലേവിൽ പങ്കെടുത്ത വനിത സംരംഭകർക്ക് വൈവിധ്യമാർന്ന മുള ഉല്പന്നങ്ങളുടെ എക്സിബിഷൻ കൗതുകവും ആവേശവുമുണർത്തി. പ്രളയവും കോവിഡ് മഹാമാരിയും പ്രതിസന്ധി തീർത്ത വയനാട് ജില്ലയിലെ വനിത സംരംഭകരാണ് വൈവിധ്യമാർന്ന മുള ഉല്പന്നങ്ങളുടെ എക്സിബിഷൻ അവതരിപ്പിച്ചത്. ദീർഘകാലം ഈടു നിൽക്കുന്ന ഗുണമേന്മ ഏറിയ മുള കൊണ്ടുള്ള വീട്ടുപകരണങ്ങൾ, മുളയിൽ തീർത്ത ശില്പങ്ങൾ, ആഭരണങ്ങൾ, പേനകൾ, പെയിന്റിങ്ങുകൾ, സ്റ്റിക്കറുകൾ എന്നിവയായിരുന്നു എക്സിബിഷൻ സ്റ്റാളിലെ മുഖ്യ ആകർഷണങ്ങൾ.














## വനിതാ വ്യവസായ പാർക്ക് സ്ഥാപിക്കും

കേരള ചരിത്രത്തിലാദ്യമായി സംസ്ഥാനത്തെ വനിതാ സംരംഭകർക്ക് വേണ്ടി മാത്രയാമൊരു വ്യവസായ പാർക്ക് യാഥാർത്ഥ്യമാകുന്നു. കിൻഫ്ര മുഖേനെ സ്ഥാപിക്കുന്ന ഈ വ്യവസായ പാർക്കിലൂടെ സ്ത്രീ സംരംഭകരെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് സംസ്ഥാന വനിതാ സംരംഭക സംഗമ വേദിയിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി രാജീവ് വ്യക്തമാക്കി. ഈ നീക്കത്തിലൂടെ സ്ത്രീസംരംഭകരെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം.

പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു. 'സാങ്കേതികവിദ്യാധിഷ്ഠിത ഉൽപ്പാദനത്തിൽ വനിതകളുടെ പ്രാധാന്യം' എന്ന വിഷയത്തിലും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വനിതാ സംരംഭകർക്ക് നൽകുന്ന പിന്തുണ പദ്ധതികളെക്കുറിച്ചും പ്രത്യേക പാനൽ ചർച്ചകളും കോൺക്ലേവിന്റെ ഭാഗമായി നടന്നു. MSME മേഖലയിൽ സ്ത്രീകളുടെ വളർച്ച ഉറപ്പുവരുത്തുക, പ്രത്യേകിച്ച് യുവതലമുറയെയും സാങ്കേതികവിദ്യാധിഷ്ഠിത ഉൽപ്പാദനത്തിൽ താൽപ്പര്യമുള്ളവരെയും ആകർഷിക്കുക എന്നതായിരുന്നു സംഗമത്തിന്റെ പ്രധാന ലക്ഷ്യം.

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീമതി ആർ ബിന്ദു കോൺക്ലേവ് സന്ദർശിച്ച് സംരംഭകരുമായി ആശയ വിനിമയം നടത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.; വ്യവസായ വകുപ്പ് ഡയറക്ടർ പി. വിഷ്ണുരാജ് ഐ.എ.എസ്.; വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി ആനി ജ്യൂല തോമസ് ഐ.എ.എസ്.; കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ആർ. ഹരികൃഷ്ണൻ ഐ.ആർ.ടി.എസ്.; ബി.പി.ടി. എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത്കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

GSL
GREEN SOLUTION FOR LIFE

# Enhance Your Profitability with GSL Energy Solutions

## YOUR ENERGY STRATEGY PARTNER

**Empowering your business to cut operational costs and accelerate your Net Zero transition**

## HOW IT WORK

- Energy Audit
- Implementation
- Solar Integration
- Remote Monitoring & Optimization
- Carbon Tracking

- ✅ 10+ MW Clean Energy Delivered
- ✅ 15000, Tonnes $CO_2$ Saved Annually

**Financial assistance will be provided by us, subject to applicable terms and conditions. Please scan the given QR code to get financial assistance**

+91 9074556950 | +91 8921365887 | gslenergy.in

25th October, 2025, Kalamassery
Regn. No. KERBIL/2005/23143
KSSIA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.